"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - വകുപ്പ്തല വർക്കിങ് ഗ്രൂപ് - ഇടുക്കി 'വാഗമണ്ണിലെ വിനോദ സഞ്ചാര സമുച്ചയത്തിന്റെയും കോട്ടേജുകളുടെയും പരിപാലനവും നവീകരണവും' എന്ന പദ്ധതിക്കു ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.332/2024/TSM തീയതി, തിരുവനന്തപുരം, 09-07-2024

---

പരാമർശം: 1. 07.09.2007ലെ സ. ഉ. (അ) 408/2007/ധന.

2. 30.07.2014ലെ സ. ഉ. (അ) 311/2014/ധന.

3. 08.01.2015ലെ സ. ഉ. (അ) 11/2015/ധന.

4. 11.06.2018ലെ സ. ഉ. (അ) 88/2018/ധന.

5. 03.08.2018ലെ സ. ഉ. (അ) 118/2018/ധന.

6. 30.05.2019ലെ സ. ഉ. (കൈ) 3/2019/ടൂറിസം

7. 28.04.2021ലെ സ. ഉ. (അ) 67/2021/ധന.

8. വിനോദ സഞ്ചാര ഡയറക്ടറുടെ 24.06.2024ലെ ഡിടി/12649/2023 - പി2 നമ്പർ കത്ത്

9. 27.06.2024ലെ വകുപ്പ്തല വർക്കിങ് ഗ്രൂപ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

പശ്ചിമഘട്ട മലനിരകളുടെ സാന്നിധ്യം മനോഹരമാക്കുന്ന കേരളത്തിൽ പ്രകൃതി ഭംഗിയിൽ ഏറെ മുന്നിലുള്ള ജില്ലയാണ് ഇടുക്കി. സമുദ്ര നിരപ്പിൽ നിന്ന് 1100 മീറ്റർ ഉയരത്തിലുള്ള വാഗമൺ, ട്രെക്കിങ്ങും പാരാ ഗ്ലൈഡിങ്ങും പർവതാരോഹണവും റോക്ക് ക്ലൈംബിങ്ങുമൊക്കെ ഇഷ്ടപ്പെടുന്ന സാഹസിക വിനോദ സഞ്ചാരികളുടെ ഇഷ്ടകേന്ദ്രവുമാണ്. വാഗമണ്ണിലെത്തുന്ന സഞ്ചാരികൾക്കു താമസസൗകര്യമൊരുക്കുന്ന വിനോദ സഞ്ചാര സമുച്ചയത്തിന്റെയും കോട്ടേജുകളുടെയും നവീകരണത്തിനായി 3,80,51,996/- രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രൊപ്പോസൽ, പരാമർശ കത്തിനൊപ്പം വിനോദ സഞ്ചാര ഡയറക്ടർ സമർപ്പിച്ചിരുന്നു. വിനോദ സഞ്ചാര വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതി 15 മാസത്തിനകം പൂർത്തിയാക്കാനാവുമെന്നും പദ്ധതിക്കുള്ള ചെലവ് '5452 - 01 - 101 - 99 - 00 - 34 - 03 - അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും - പി (വി)' എന്ന ശീർഷകത്തിൽ വകയിരുത്താമെന്നും വിനോദ സഞ്ചാര ഡയറക്ടർ അറിയിച്ചിരുന്നു.

(2). 27.06.2024ൽ ചേർന്ന വകുപ്പ്തല വർക്കിങ് ഗ്രൂപ് യോഗം ഈ നിർദേശം വിശദമായി പരിശോധിക്കുകയും ₹. 3,80,51,996/- ചെലവ് പ്രതീക്ഷിക്കുന്ന 'വാഗമണ്ണിലെ വിനോദ സഞ്ചാര സമുച്ചയത്തിന്റെയും കോട്ടേജുകളുടെയും പരിപാലനവും നവീകരണവും' എന്ന പദ്ധതി, ചില വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിക്കുകയും ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിടങ്ങളുടെ നവീകരണം, അറ്റകുറ്റപ്പണികൾ, വൈദ്യുതീകരണ ജോലികൾ, ഹാൻഡ് റയിൽ, ഫെൻസിങ്, പാർക്കിങ് ഏരിയ,

റീട്ടെയ്നിങ് വാൾ, പ്രവേശന ഗേറ്റ് സഹിതമുള്ള ചുറ്റമതിൽ, കളിക്കോപ്പുകൾ, ഇരിപ്പിടങ്ങൾ, വേസ്റ്റ് ബിൻ, ലാൻഡ്സ്കേപ്പിങ്, ലൈറ്റിങ് സംവിധാനം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്ന 'വാഗമണ്ണിലെ വിനോദ സഞ്ചാര സമുച്ചയത്തിന്റെയും കോട്ടേജുകളുടെയും പരിപാലനവും നവീകരണവും' എന്ന പദ്ധതിക്ക്, ചുവടെ ചേർത്ത വ്യവസ്ഥകൾക്കു വിധേയമായി, '5452 - 01 - 101 - 99 - 00 - 34 - 03 - അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും - പി (വി)' എന്ന ശീർഷകത്തിൽ നിന്നു സെന്റേജ് ചാർജും നികുതി ബാധ്യതയുമടക്കം 3,80,51,996/- (മൂന്ന് കോടി എൺപത് ലക്ഷത്തി അൻപത്തിഒരായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ആറ് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു:-

(i) പദ്ധതിയുടെ പ്രവർത്തന പരിപാലന ചെലവുകളും ജീവനക്കാരുടെ നിയമനവും മറ്റും വിനോദ സഞ്ചാര ഡയറക്ടറുടെ കർശന പരിശോധനയ്ക്കു വിധേയമായിരിക്കും.

(ii) പദ്ധതിയുടെ പ്രവർത്തനം കേരള വിനോദ സഞ്ചാര കോർപറേഷന്റെ (KTDC) ചുമതലയിലോ ലീസ് വ്യവസ്ഥയിലോ ആയിരിക്കണം.

(iii) നിലവിൽ സ്വകാര്യ മേഖല പിന്തുടരുന്ന ശൈലിയും നിലവാരവും പ്രവണതകളും പദ്ധതിയുടെ രൂപകൽപ്പനയിൽ ഉൾപ്പെടുത്തണം.

(iv) വരുമാനം പങ്കിടുമ്പോൾ ലാഭം അടിസ്ഥാനമാക്കുന്നതിനു പകരം പദ്ധതിയിൽ നിന്നുള്ള മൊത്തം വരവ് കണക്കിലെടുക്കേണ്ടതാണ്.

**(3).** പരാമർശ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിർദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും കർശനമായി പാലിച്ച് വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കുന്ന പദ്ധതി 15 മാസത്തിനകം പൂർത്തിയാവുന്നെന്നും പദ്ധതിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ ചെലവ് '5452 - 01 - 101 - 99 - 00 - 34 - 03 - അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും - പി (വി)' എന്ന ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതത്തെ അധികരിക്കുന്നില്ലെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡി.ജഗദീഷ്**

അഡിഷണൽ സെക്രട്ടറി

പകർപ്പ്:

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം - 695 001
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II) കേരളം, തിരുവനന്തപുരം - 695 001
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം - 695 010
ധനകാര്യ വകുപ്പ്
ആസൂത്രണ, സാമ്പത്തികകാര്യ വകുപ്പ്
വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ (നമ്പർ: ഇ 2847173/ടൂർ - എ3/210/2024 - ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 09-07-2024 15:01:30
സെക്ഷൻ ഓഫീസർ

പകർപ്പ്:

വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി. എയ്ക്ക്

വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എയ്ക്ക്